## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 430 — 6.3.2012-ൽ മറുപടിക്ക്.

### ട്രെയിനുകളിലെ വനിതായാത്രക്കാരുടെ സുരക്ഷ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രെയിനുകളിൽ സ്ത്രീകൾക്കുനേരെയുണ്ടായ എത്ര അതിക്രമങ്ങളാണു റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്; | (എ) | 32 കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | കമ്പാർട്ട്മെന്റുകളിൽ സ്ത്രീകൾക്കു മതിയായ സുരക്ഷ ഉറപ്പുവരുത്തുന്നതിന് സംസ്ഥാനസർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | തീവണ്ടികളിലെ സ്ത്രീ യാത്രക്കാരുടെ സുരക്ഷയ്ക്കായി 56 വനിതാ സിവിൽ പോലീസ് ഓഫീസർമാരെ റെയിൽവെ പോലീസിന്റെ കീഴിൽ വിന്യസിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥരെ ട്രെയിനുകളിലെ വനിതാ കമ്പാർട്ടുമെന്റിൽ സുരക്ഷയ്ക്കായി നിയോഗിച്ചിട്ടുണ്ട്. ഇതിനു പുറമെ അധികം പോലീസ് ഉദ്യോഗസ്ഥരെ ട്രെയിനുകളിൽ നിയമിച്ച് ഡ്യൂട്ടി ചെയ്യിക്കുന്നതിലേയ്ക്കായി അധികമായി റെയിൽവെ പാസ്സ് അനുവദിച്ചു നൽകുവാൻ വേണ്ടി റെയിൽവേയോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പാസഞ്ചർ ട്രെയിനുകളിൽ സർക്കിൾ അടിസ്ഥാനത്തിൽ വനിതാ പോലീസ് ഉദ്യോഗസ്ഥരെ |

| | | | |
|---|---|---|---|
| | | | ഡ്യൂട്ടിക്ക് നിയോഗിച്ചു വരുന്നുണ്ട്. സ്റ്റേഷനുകളിൽ ട്രെയിനുകൾ നിർത്തുമ്പോൾ പ്ലാറ്റ്ഫോമിലും ട്രെയിനിലും ഡ്യൂട്ടിയിലുള്ള മറ്റ് പോലീസുകാരും വനിതാ കമ്പാർട്ടുമെന്റിനു സമീപം വന്ന് പരിശോധന നടത്തുകയും ചെയ്യുന്നു. കൂടാതെ മറ്റ് കമ്പാർട്ട്മെന്റുകളിൽ യാത്ര ചെയ്യുന്ന സ്ത്രീകളുടെ സുരക്ഷയ്ക്കായി ജാഗ്രതയോടെ പ്രവർത്തിക്കാനായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമെ വനിതാ ഹെൽപ്പ്ലൈൻ നമ്പർ പ്ലാറ്റ്ഫോമിലും ട്രെയിനുകളിലും പ്രദർശിപ്പിക്കുന്നത് ഉൾപ്പെടെ അത്യാവശ്യ ഘട്ടങ്ങളിൽ സുരക്ഷയ്ക്കായി പോലീസ് സഹായം ആവശ്യപ്പെടുവാനുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തി വരികയാണ്. കൂടാതെ റെയിൽവേ സ്റ്റേഷന് പുറമേയുള്ള പരിസരങ്ങളിൽ പട്രോളിംഗ് നടത്തിയും പോലീസ് എയ്ഡ് പോസ്റ്റുകൾ വഴിയും സ്ത്രീ യാത്രക്കാരുടെ സുരക്ഷ ഉറപ്പു വരുത്തുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ